**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4431** **18-03-2025 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ ഇ.ഡി. സ്വത്ത് കണ്ടുകെട്ടിയത് ഡൽഹി അഡ്ജ്യുഡിക്കേറ്റിംഗ് അതോറിറ്റി ശരിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇ.ഡി. ആകെ 128.81 കോടി രൂപയുടെ സ്വത്ത് അറ്റാച്ച് ചെയ്തതിൽ 117.83 കോടി രൂപ ഡൽഹി അഡ്ജ്യുഡിക്കേറ്റിങ് അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. 10.98 കോടി രൂപയുടെ പ്രൊവിഷണൽ അറ്റാച്ച്മെന്റ് ആണ് വന്നിട്ടുള്ളത്. |
| (ബി) | എത്ര കോടി രൂപ മൂല്യമുള്ള സ്വത്താണ് ഇതിൽ ഉൾപ്പെടുന്നതെന്നും ആരെല്ലാമാണ് ഈ സ്വത്തിന്റെ ഉടമകൾ എന്നും വ്യക്തമാക്കാമോ; | (ബി) | 128.81 കോടി രൂപ മൂല്യമുള്ള സ്വത്ത് ആണ് ഇതിൽ ഉൾപ്പെടുന്നത്. ഈ സ്വത്തുക്കൾ, ഇ.ഡി കസ്റ്റഡിയിൽ എടുത്ത 163 വായ്പ ഫയലുകളിൽ ഉൾപ്പെട്ട കക്ഷികളുടെയും സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് ഇ.ഡി. പ്രതി ചേർക്കപ്പെട്ടവരുടെയും ഉടമസ്ഥതയിലുള്ളതാണ്. |
| (സി) | ഈ സ്വത്ത് ലേലം ചെയ്ത് നിക്ഷേപകർക്ക് പണം തിരികെ നൽകുമോയെന്ന് വ്യക്തമാക്കാമോ; | (സി) | ഇക്കാര്യം നിയമപരമായി പരിശോധിക്കുന്നതാണ്. |
| (ഡി) | ബാങ്കിൽ നിന്ന് നിയമവിരുദ്ധ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വായ്പ ലഭിച്ചവർ തിരിച്ചടയ്ക്കാൻ ശേഷിയുള്ളവരാണോയെന്നും സ്ഥിരം വരുമാനമുള്ളവർ ആണോയെന്നും വ്യക്തമാക്കാമോ? | (ഡി) | ബാങ്കിൽ നിന്ന് നിയമവിരുദ്ധ വായ്പ നൽകിയവരിൽ തിരിച്ചടവ് ശേഷി ഉള്ളവരും ഇല്ലാത്തവരും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ